ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്. ശാന്തി നഗർ,
തിരുവനന്തപുരം.

**Acd.Sp.Cell (2)/2013** **തീയതി : 04 /09/2013**

# സർക്കുലർ

വിഷയം : ഹ.സെ.വി – സെപ്തംബർ 5, അദ്ധ്യാപകദിനം – സ്കൂളുകളിൽ ആഘോഷപരിപാടികൾ സംഘടിപ്പിക്കുന്നത് – സംബന്ധിച്ച്.

സ്വതന്ത്രഭാരതത്തിന്റെ രണ്ടാമത്തെ രാഷ്ട്രപതിയും മികച്ച അദ്ധ്യാപകൻ, വാഗ്മി, ദാർശനികൻ എന്നീ നിലകളിൽ ലോകപ്രശസ്തനുമായിരുന്ന ശ്രീ.സർവ്വേപ്പള്ളി രാധാകൃഷ്ണന്റെ ജൻമദിനമായ സെപ്തംബർ 5, നാം ദേശീയ അദ്ധ്യാപകദിനമായി ആചരിക്കുകയാണല്ലോ. ഈ അവസരത്തിൽ, സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ്, എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിലും അദ്ധ്യാപകദിനം സമുചിതമായി ആഘോഷിക്കേണ്ടതാണ്. അന്നേ ദിവസം സ്കൂളുകളിൽ പ്രത്യേക അസംബ്ലി വിളിച്ചുചേർക്കേണ്ടതും ഡോ.രാധാകൃഷ്ണന്റെ ചിത്രം പ്രദർശിപ്പിക്കേണ്ടതുമാണ്. അദ്ധ്യാപനരംഗത്ത് ശ്രീ.രാധാകൃഷ്ണൻ തെളിയിച്ച പ്രാഗത്ഭ്യം സംബന്ധിച്ച് അദ്ധ്യാപകർ പ്രഭാഷണങ്ങളോ പ്രസംഗങ്ങളോ നടത്തുന്നതും ഉചിതമായിരിക്കും. വിദ്യാർത്ഥികൾക്കായി പ്രസംഗം, ലേഖനം എന്നിവയിൽ മത്സരങ്ങളും സംഘടിപ്പിക്കാവുന്നതാണ്. ഇന്ത്യൻ വിദ്യാഭ്യാസരംഗത്ത് നൂനത അദ്ധ്യാപന രീതികളിലൂടെ തന്റേതായ മാതൃക സൃഷ്ടിച്ച് ലോകശ്രദ്ധ പിടിച്ചുപറ്റിയ ശ്രീ.രാധാകൃഷ്ണനെ സംബന്ധിച്ച് വിദ്യാർത്ഥികളിൽ അറിവും അവബോധവും ഉണ്ടാക്കുന്നതിനനുയോജ്യമായ പരിപാടികൾ സ്കൂൾതലത്തിൽ സംഘടിപ്പിക്കുന്നതിന് എല്ലാ പ്രിൻസിപ്പൽമാരും ശ്രമിക്കണമെന്ന് താൽപര്യപ്പെടുന്നു.

**ഒപ്പ്/-**
**ഡയറക്ടർ**

S